# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-2026

## ഉദയസൂര്യൻ

ജി.എൽ.പി.എസ്
പറപ്പൂക്കര

# ജി.എൽ.പി.എസ്

# പറപ്പൂക്കര



# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| സ്കൂൾ കോഡ് | : | 23315 |
| സ്കൂളിന്റെ പേര് | : | ജി.എൽ.പി.എസ്. പറപ്പൂക്കര |
| മേൽവിലാസം | : | പറപ്പൂക്കര പി.ഒ. തൃശൂർ ജില്ല |
| പിൻകോഡ് | : | 680310 |
| ഫോൺനമ്പർ | : | 04802790560 |
| ഇമെയിൽ അഡ്രസ്സ് | : | parappukkaraglps@gmail.com |
| ഗ്രാമപഞ്ചായത്ത് | : | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് |
| വിദ്യാഭ്യാസജില്ല | : | തൃശ്ശൂർ |
| സബ്ജില്ല | : | ഇരിങ്ങാലക്കുട |
| ക്ലാസ്സുകൾ | : | എൽകെജി മുതൽ 4 വരെ |
| മാനേജ്മെന്റ് | : | ഗവൺമെന്റ് |
| പഠനമാധ്യമം | : | മലയാളം |

# സ്കൂൾചരിത്രം ജി.എൽ.പി.എസ് പറപ്പൂക്കര

ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ പർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ പ്രാചീന വിദ്യാഭ്യാസരീതി നിലനിന്നിരുന്നു കുടിപ്പള്ളിക്കൂടങ്ങൾ എന്ന വ്യവസ്ഥയനുസരിച്ച് വിദ്യാഭ്യാസം ഉയർന്ന സമ്പന്ന വിഭാഗക്കാർക്ക് മാത്രമായി സംവരണം ചെയ്തിരുന്നു. 1893 നെല്ലായി പ്രദേശത്ത് തൃശൂർ സുറിയാനിപാലം സ്ഥാപിച്ച പാഠശാലയാണ് ഈ പഞ്ചായത്തിലെ പ്രഥമ വിദ്യാലയം. വേണ്ടത്ര വിദ്യാർഥികൾ ഇല്ലാതിരുന്നതിനാൽ ഈ പാഠശാല 1896-ൽ പറപ്പൂക്കര സെൻറ് ജോൺസ് ഫൊറോന പള്ളി വക കെട്ടിടത്തിലേക്ക് ഗവൺമെൻറ് ഉടമസ്ഥതയിൽ മാറ്റി സ്ഥാപിക്കുകയുണ്ടായി. ഇങ്ങനെയാണ് ജിഎൽപിഎസ് പറപ്പൂക്കരയുടെ ജനനം. അന്നത്തെ നാലാംക്ലാസിലെ ആദ്യത്തെകുട്ടിയായിരുന്നു പി.വി. പാവുമാസ്റ്റർ. ഈ നാട്ടിലെ ആദ്യത്തെ അധ്യാപകനും അദ്ദേഹം തന്നെയാണ്.

അന്ന് കേരളം ഉണ്ടായിരുന്നില്ല കൊച്ചി രാജ്യമായിരുന്നു. അന്ന് സ്കൂൾ കെട്ടിടം നിന്നിരുന്ന സ്ഥലത്താണ് ഇപ്പോൾ ഇലക്ട്രിസിറ്റി ഓഫീസ്, കാത്തലിക് സിറിയൻ ബാങ്ക് എന്നിവ നിലകൊള്ളുന്നത്. 1947 മാർച്ചിൽ ഈ പാഠശാലയുടെ ഗോൾഡൻ

ജൂബിലി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ ആഘോഷിക്കുകയുണ്ടായി.

സർക്കാർ വക 9 സെന്റ് സ്ഥലത്ത് സർക്കാർ ർ തന്നെ നിർമ്മിച്ച ഒരു കോൺക്രീറ്റ് കെട്ടിടത്തിലാണ് ഇന്ന് ഈ സ്കൂൾ നില കൊള്ളുന്നത് .1978-ൽ അന്നത്തെ ഹരിജനക്ഷേമ വകുപ്പ് മന്ത്രി ശ്രീ.കെ.കേ ബാലകൃഷ്ണനാണ് ഈ കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തിയത്. ഇപ്പൊൾ എൽ.പി വിഭാഗത്തിൽ 4 ഡിവിഷനുകളും 4 അധ്യാപകരും 60 വിദ്യാർത്ഥികളും ഉണ്ട്.പിന്നെ പ്രീപ്രൈമറിയിൽ 22 കുട്ടികളും 1 അധ്യാപികയും 1 ആയയും ഉണ്ട്.അസംബ്ലിക്കായി 5 സെന്റ് സ്ഥലം സ്കൂളിന്റെ പുറക് വശത്ത് വാങ്ങിയിട്ടുണ്ട്. ഇത് മുൻ PTA കമ്മിറ്റികൾ സ്വരൂപിച്ച ഫണ്ട് ഉപയോഗ പെടുത്തിക്കൊണ്ടാണ്.

ഇന്ന് ഈ വിദ്യാലയം തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട ഉപജില്ലയിൽ പറപ്പൂക്കര പഞ്ചായത്തിൽ എല്ലാ വിധ സൗകര്യങ്ങളോട് കൂടിയ ഹൈടെക് വിദ്യലയമായി നിലകൊള്ളുന്നു.

# അക്കാദമികം

## നേട്ടങ്ങൾ

ഇരിങ്ങാലക്കുട ഉപജില്ലയിൽ വളരെ ഉയർന്ന നിലവാരം പുലർത്തുന്ന സ്കൂളുകളിൽ ഒന്നാണ് ജി.എൽ.പി.എസ് പറപ്പൂക്കര .LSS പോലുള്ള സ്കോളർഷിപ്പ് പരീക്ഷയിൽ കൂടുതൽ കുട്ടികളെ ഉൾപെടുത്തുന്നു. അവരുടെ നിലവാരത്തിനനുസരിച്ചു ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്കി നയിക്കുന്നു.പരിസ്ഥിതി ക്ലബ്,കാർഷിക ക്ലബ്,സുരക്ഷ ക്ലബ്,ശാസ്ത്ര ക്ലബ്,ഹെൽത്ത് ക്ലബ്, ഹലോ ഇംഗ്ലീഷ്,ശ്രദ്ധ എന്നീ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു.

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കുട്ടികൾ മികച്ച വിജയം നേടുന്നു. എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കിയെങ്കിലും ഡെസ്ക്ടോപ്പുകൾ പ്രിന്ററുകൾ,ലാപ്ടോപ്പുകൾ എന്നിവ പഴക്കം ചെന്നവയാണ് എന്നുള്ളത് പരിമിതിയാണ്.

# ആമുഖം

ലോവർ പ്രൈമറി സ്കൂൾപഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയ്ക്കും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക, ചതുഷ്ക്രിയകൾ ചെയ്യുന്നതിനും പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക കുട്ടികളിൽ നിരീക്ഷണപരീക്ഷണശേഷികൾ വർദ്ധിപ്പിക്കുന്നതിനും പ്രകൃതിയുമായി ഇണങ്ങിജീവിക്കുന്നതിനും പരിസ്ഥിതി സൗഹൃദവിദ്യാഭ്യാസം സാധ്യമാക്കുന്നതിനും കലാകായികരംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് മികവ് തെളിയിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക എന്നിവയ്ക്ക് ഊന്നൽ നൽകി പഠനാനുഭവങ്ങൾ ഒരുക്കുന്നതിന് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നു.

# എന്റെ വിദ്യാലയത്തിന്റെ കാഴ്ചപ്പാട്

ഓരോ കുട്ടിക്കും അവരവരുടെ കഴിവുകൾ വികസിപ്പിക്കാനുതകുന്ന സമ്പൂർണ്ണ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നു.

അക്കാദമിക നിലവാരത്തെക്കുറിച്ച് ഒരു വിദ്യാലയത്തിന്റെ കാഴ്ചപ്പാട് എന്തായിരിക്കുമോ അനുസരിച്ചായിരിക്കും ആ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുക. എന്തെല്ലാം കഴ്വുള്ള കുട്ടികളാണ് വിദ്യാലയത്തിൽ നിന്നും പുറത്തുപോയി സമൂഹത്തിന്റെ അഭിമാനമായി മാറുക എന്ന് വില യിരുത്താൻ നമുക്ക് കഴിയണം. അതിന് ഓരോ കുട്ടിയേയും ഓരോ യൂണി റ്റായി പരിഗണിച്ച് പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടതാണ്. ഈ വിദ്യാല യത്തിൽ എത്തിച്ചേരുന്ന കുട്ടികൾ അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക എന്നത് നമ്മുടെ പൊതുകാ ഴ്ചപ്പാടായി മാറണം. ഈ വിദ്യാലയത്തിന് അതിന്റെ പുരോഗതിയിലേക്ക് നയിക്കുന്ന വ്യക്തമായ കാഴ്ചപ്പാടുകൾ അടിസ്ഥാനമാക്കി പ്രവർത്തിക്കാ നുള്ള ബാധ്യതയുണ്ടെന്ന് തിരിച്ചറിയുന്നു. ഈ തിരിച്ചറിവിന്റെ വെളിച്ച ത്തിൽ ഞങ്ങളുടെ വിദ്യാലയത്തിന്റെ പൊതുകാഴ്ചപ്പാടിനെ അടിസ്ഥാന മാക്കി ഉരുത്തിരിഞ്ഞ ബോധ്യങ്ങൾ താഴെചേർക്കുന്നു.

- പഠനത്തെകുറിച്ചുള്ള കാഴ്ചപ്പാട്
- വിലയിരുത്തലിന് കൊടുക്കേണ്ട പ്രാധാന്യം
- പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള സമീപനം എങ്ങനെ യായിരിക്കണം

- പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള സമീപനം
- അധ്യാപക ശാക്തീകരണത്തിന്റെ പ്രാധാന്യം
- കുട്ടികളുടെ മാനസിക വൈകാരിക അവസ്ഥയും പഠനവും
- സാമൂഹ്യബന്ധം ഊട്ടിയുറപ്പിക്കൽ

മുകളിൽ പറഞ്ഞിരിക്കുന്ന ബോധ്യങ്ങളെ അടിസ്ഥാനമാക്കി രൂപീകരിച്ച പൊതുകാഴ്ചപ്പാട് സാക്ഷാത്കരിക്കാൻ ഞങ്ങൾ പൊതുലക്ഷ്യങ്ങൾ രൂപീകരിച്ചു. ഈ ലക്ഷ്യങ്ങൾ വിദ്യാലയത്തിന്റെ കാഴ്ചപ്പാടിന് അനുയോജ്യമാണെന്ന് തിരിച്ചറിഞ്ഞ് ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചിൽഡ്രൻസ് പാർക്ക് | പിടിഎ ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | കളിസ്ഥലം | |
| ഇംഗ്ലീഷ് പഠന പരിപോഷണം | മാലിന്യ സംസ്ക്കരണം | വിദ്യാലയ വികസന സമിതി |
| വായന പരിപോഷണം | ജന്മദിനത്തിനൊരു പുസ്തകം | |
| ലൈബ്രറി ശാക്തീകരണം | വീട്ടിലും സ്കൂളിലും ഒരു കൃഷിത്തോട്ടം | പൂർവ്വ വിദ്യാർത്ഥി സംഘടന |
| പ്രതിഭാപോഷണ പരിപാടികൾ | സ്കൂൾ അങ്കണം അലങ്കരിക്കൽ | |
| ജൈവ വൈവിധ്യപാർക്ക് | പൂന്തോട്ടം മനോഹര മാക്കൽ | എസ്.എസ്.ജി |
| പഠനയാത്രകൾ | | ഗ്രന്ഥശാലകൾ |
| സാഹിത്യ പോഷണ പരിപാടികൾ | | ക്ലബുകൾ സന്നദ്ധ സംഘടനകൾ |
| കലാകായിക മേള | | വിദ്യാഭ്യാസപ്രവർത്തന ങ്ങൾ, പൂർവ്വ അധ്യാപകർ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ഐടി പരിശീലനം | | അധ്യാപകർ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജന പ്പെടുത്തൽ |
| അധ്യാപകശാക്തീകരണ പരിപാടികൾ | | |
| ക്ലാസ് പിടിഎ സജീവമാ ക്കൽ | | ക്ലാസ് പിടിഎ മാതൃകപര മാക്കുന്നതിനുള്ള നടപടികൾ |
| | | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |

# നിലവിലെ ഭൗതികാന്തരീക്ഷം

| വിഭാഗം | നിലവിലെ അവസ്ഥ |
| --- | --- |
| ക്ലാസ്സുമുറികൾ | 6 ക്ലാസ്സ്മുറികൾ (പ്രീപ്രൈമറി ഉൾപ്പെടെ) |
| ആൺകുട്ടികളുടെ ടോയ്ലെറ്റ് | ഒരു ബ്ലോക്ക് |
| പെൺകുട്ടികളുടെ ടോയ്ലെറ്റ് | |
| IED ടോയ്ലെറ്റ് | 1 |
| കുടിവെള്ള സൗകര്യം | ടാപ്പ് |
| സ്റ്റാഫ് റൂം | ഇല്ല |
| ചുറ്റുമതിൽ | പൂർണ്ണം |
| അടുക്കള | 1 |
| പ്രഭാതഭക്ഷണമുറി | 1 |
| സ്റ്റോർ റൂം | 1 |
| സ്കൂൾ ബസ് | ഇല്ല |
| കുട്ടികളുടെ കളിസ്ഥലം | ഇല്ല/അപര്യാപ്തം |

# ഐടി അനുബന്ധ സാമഗ്രികൾ

| വിഭാഗം | നിലവിലെ അവസ്ഥ |
| --- | --- |
| കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | 10 |
| ലാപ്ടോപ്പ് | 5 |
| പ്രൊജക്ടർ | 4 |

# പിന്തുണ സംവിധാനങ്ങൾ

| വിഭാഗം | നിലവിലെ അവസ്ഥ |
| --- | --- |
| പിടിഎ, എസ്എംസി | കാര്യക്ഷമം |
| എംപിടിഎ | സജീവം |
| പ്രഭാതഭക്ഷണകമ്മിറ്റി | കാര്യക്ഷമം |
| ഉച്ചഭക്ഷണകമ്മിറ്റി | കാര്യക്ഷമം |
| എസ്എസ്ജി | സജീവം |
| സ്കൂൾ വികസന സമിതി | തൃപ്തികരമായി പ്രവർത്തിക്കുന്നു |
| ക്ലബ് പ്രവർത്തനങ്ങൾ | കാര്യക്ഷമം |

# വിഷയം - മലയാളം

മലയാളം വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തു കാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക

- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

**പ്രവർത്തനങ്ങൾ**

1. **മലയാളത്തിളക്കം (പ്രീ-ടെസ്റ്റ്) 02-06-17**
   പ്രീടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തി.

2. **അക്ഷരം ഉറപ്പിക്കൽ (1 month)**
   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. **അടയാളങ്ങൾ ഉറപ്പിക്കൽ**
   ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. **അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്**
   അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. **ചിത്രം അടിക്കുറിപ്പ്**
   ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. **കഥ ബാക്കി പറയൽ എഴുതൽ**
   ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു

7. **കഥാപുസ്തകം നൽകൽ**

വായന, കുറിപ്പ് തയ്യാറാക്കൽ

8. **CD പ്രദർശനം**

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്ര ത്തെയും കുറിച്ച് പറയാനവസരം എഴു താനവസരം.

9. **ഭിന്നശേഷിക്കാരേ പരിഗണിക്കൽ**

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം.

10. **ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ**

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവർ ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. **ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരുക്ലാസ് ലൈബ്രറി സജ്ജീകരണം.

12. **സ്കൂൾ ലൈബ്രറി നവീകരണം**

സ്കൂൾ ലൈബ്രറി നവീകരണം. പുസ്തകവിതരണ രജിസ്റ്റർ, കുട്ടി ലൈബ്രറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തകശേഖരണം

**13. സമീപ ഗ്രന്ഥശാല അംഗത്വം**

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തകവിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം

**14. വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെകൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം. (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

**15. പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പ്രതക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ വായന എഴുത്ത്. പത്രം തയ്യാറാക്കൽ പാഠഭാഗവുമായി ബന്ധപ്പെട്ട്)

**16. അമ്മ വായന**

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെര ഞ്ഞെടുക്കാനാവസരം വായനാമുറി വായനാക്കുറിപ്പ് തയ്യാറാക്കൽ മികച്ച കുറിപ്പ് കണ്ടെത്തൽ പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപ്പശാല.

**17. പുസ്തക ചർച്ച വായനാനുഭവം പങ്കുവയ്ക്കൽ**

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗ വുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസത്തിൽ ഒരു ദിവസം.

**18. വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

**19. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം വിവിധമത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

**20. ക്ലാസ്, സ്കൂൾ ബാലസഭകൾ**

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭരൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം. വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

**21. ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

**22. ആകാശവാണി ക്ലബ്ബ്**

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരേ, ക്ലാസ്സുകാരേ കണ്ടെത്തൽ, പ്രോത്സാഹനം.

**23. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം**

സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മന സിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

**24. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണ ങ്ങളുടെ ലഭ്യത, വായന പ്രോത്സാ ഹിപ്പിക്കുന്നതായി വിവിധ പ്രവർ ത്തനം, മത്സരങ്ങൾ.

**25. വായനാസാമഗ്രികൾ വികസിപ്പിക്കൽ**

UP കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടിക ളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാ ശില്പശാല സംഘടിപ്പി ക്കൽ, രചനകൾസ്പൈറൽ ബൈൻഡ് ചെയ്ത് ഉപയോഗിക്കൽ.

**26. ഇ–വായന സാധ്യത കണ്ടെത്തൽ**

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരി ക്കാനുള്ള നൈപുണി, വായനാ ക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തി ന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ–പേപ്പറുകൾ' പരിച യപ്പെടുത്തൽ വിവിധ കൃതികൾ, കവിത, എന്നിവ വീഡിയോ കാണൽ.

**27. വായനാക്കൂട്ടം, എഴുത്തുകൂട്ടം മോണിറ്ററിംഗ്**

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യ കാരന്മാർ BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ, എന്നിവരുടെ സേവനം.

**28. കാവ്യകൂട്ടം**

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്ക ളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യ

കാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘ ടിപ്പിക്കുന്നു. (ആഞ്ഞഇയുടെ സഹായത്തോടെ)

**29. എഴുത്തുകൂട്ടരൂപീകരണം**

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പി ക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

**30. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ്**

പുസ്തകം ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടു ത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

**31. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ**

മലയാളസാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടു ത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യസൃഷ്ടി നടത്തൽ, വിവിധ സാഹിത്യമേഖലക ളിലുള്ള വ്യക്തികളുടെ ആഗമനം സംവാദം, അഭിമുഖം.

**32. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്**

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗ സിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

**33. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ**

പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ പതിപ്പ് പ്രകാശനം.

**34. പൊതുവേദിയിലെ പ്രകടനങ്ങൾ**

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം. യോഗങ്ങൾ സംഘടിപ്പിക്കൽ.

**35. വ്യക്തിഗത രചന, സംഘരചന**

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയി രുത്തൽ, പുസ്തകം തയ്യാറാക്കൽ.

**36. ഭാഷാ പ്രോജക്ടുകൾ**

ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

**37. രചയിതാക്കളെ പരിചയപ്പെടൽ**

അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം. രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം)

ജൂലൈ – ബഷീർ, ആഗസ്റ്റ് – എസ്.കെ.പൊറ്റക്കാട്.

**38. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ**

BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷി ക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കാൽ പ്രോത്സാഹനം. പ്രഗത്ഭരുടെ സേവനം.

**39. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി**

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത്വചനങ്ങൾ, ജീവചരിത്രകുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

## പ്രവർത്തനം – വിശദാംശങ്ങൾ

| Sl.No. | Programme | Activity | | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1 | പ്രീ-ടെസ്റ്റ് (2-6-17) | 2 Months Aug - Sep | പുസ്തകങ്ങൾ | പിന്തുണ |
| | | 2 | അക്ഷരം ഉറപ്പിക്കൽ | | | DIET |
| | | 3 | അടയാളം ഉറപ്പിക്കൽ | | | SCERT |
| | | 4 | അക്ഷര കാർഡ് നൽകൽ | | CD | P.T.A |
| | | 5 | വാക്കുകൾ എഴുതിയ കാർഡ് | | | |
| | | 6 | വാക്കുകൾ നിർമ്മിക്കുക | | | |
| | | 7 | വാക്യങ്ങൾ നിർമ്മിക്കൽ | | | |
| | | 8 | ചിത്രം അടിക്കുറിപ്പ് | | | |
| | | 9 | ചിത്രം കഥപറയൽ | | | |
| | | 10 | ചിത്രം കഥ എഴുതൽ | | | |
| | | 11 | കഥ ബാക്കി എഴുതൽ | | | |
| | | 12 | കഥാപുസ്തകം നൽകൽ | | | |
| | | 13 | സിഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | | | |
| | | 14 | ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | | | BRC IED Trainer P.T.A |

| Sl. No. | Programme | Activity | Duration | പുസ്തകങ്ങൾ | പിന്തുണ |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം ഒരുക്കൽ<br>21. വായനക്കൂട്ടം മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 6 Months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC |

| Sl. No. | Programme | Activity | Duration | പുസ്തകങ്ങൾ | പിന്തുണ |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം | 6 Months | ക്ലാസ് | |
| | | 2. പുസ്തകചർച്ച | | ലൈബ്രറി | BRC |
| | | 3. ക്ലാസ് ലൈബ്രറി | | | DIET |
| | | 4. വായനക്കുറിപ്പ് പതിപ്പ് | | | |
| | | 5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം | | | SCERT |
| | | 6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | | | P.T.A |
| | | 7. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ | | | |
| | | 8. സർഗ്ഗ സൃഷ്ടികളൂടെ പുസ്തകം തയ്യാറാക്കൽ | | പുസ്തകങ്ങൾ | |
| | | 9. എഴുത്തുകൂട്ടം മോണിറ്ററിംഗ് | | | |
| | | 10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് | | | |
| | | 11. ബാലസഭ | | | |
| | | 12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് | | | |
| | | 13. വ്യക്തിഗത രചന സംഘ രചന | | | |
| | | 14. ഭാഷാ പ്രോജക്ട് | | | |
| | | 15. സാഹിത്യകാന്മാരുമായുള്ള സംവാദം, അഭിമുഖം | | | |
| | | 16. രചയിതാക്കളെ പരിചയപ്പെടൽ | Auditorium | ജീവചരിത്ര പുസ്തകങ്ങൾ ഗ്രന്ഥശാല | BRC |
| | | 17. സാഹിത്യ സാംസ്ക്കാരിക ചിത്രഗ്യാലറി | | | ജനപ്രതിനിധികൾ |
| | | | | ഫോട്ടോകൾ, പുസ്തകങ്ങൾ | P.T.A |
| | | | | | Teachers |

# വിഷയം - ഗണിതം

കുട്ടികൾക്ക് പൊതുവേ പ്രയാസം നേരിടുന്ന ഒരു മേഖലയാണ് ഗണിതം. ഗണിതത്തിന്റെ അടിസ്ഥാന ശേഷി വികസനത്തിലൂടെ മാത്രമേ ഗണിത പഠനം പ്രയാസ രഹിതമാക്കാൻ കഴിയൂ. രസകരമായ പ്രവർത്തനങ്ങളി ലൂടെ ഗണിതത്തെ സമിപ്പിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഗണിതം രസകരമായെങ്കിൽ മാത്രമേ അത് കുട്ടികളിൽ താത്പര്യം ജനിപ്പിക്കുന്നതും ആസ്വാദ്യകരവും ആവുകയുള്ളൂ.

**ലക്ഷ്യങ്ങൾ**

1. ഗണിതത്തിന്റെ അടിസ്ഥാന ശേഷികൾ എല്ലാ കുട്ടികളും ആർജി ക്കുന്നു. ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു
2. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജ നപ്പെ ടുത്തുവാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു.
3. ഗണിതത്തിൽ സവിശേഷമായ കഴിവുള്ള കുട്ടികളെ അതിന്റെ പൂർ ണ്ണതയിൽ എത്തിക്കുന്നു.
4. ഗണിത പഠനത്തിൽ ഐ.റ്റി. സാധ്യത പ്രയോജനപ്പെടുത്തുന്നു.
5. സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുന്നതും ഗണിത പഠനം പ്രയോജനപ്പെടുത്തുന്നു.
6. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഗണിതത്തെ പ്രയോജ നപ്പെടുത്തുന്നു
7. ഗണിതാധ്യാപക ശാക്തീകരണം
8. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഗണി തത്തെ പ്രയോജനപ്പെടുത്തുന്നു.
9. ലക്ഷ്യമാക്കുന്ന ഗണിത പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജി ക്കുന്നു

# പ്രവർത്തനങ്ങൾ

**മാജിക് മാത്സ്**

- ക്ലാസ് തലത്തിൽ പഠന നേട്ടങ്ങൾ ലിസ്റ്റ് ചെയ്യുന്നു.
- അവസ്ഥാ പഠനം നടത്തി മികവുകളും പോരായ്മകളും കണ്ടെത്തുന്നു.
- സംഖ്യാബോധം ഉറപ്പിക്കാനുള്ള പ്രവർത്തനം ആവശ്യമെങ്കിൽ നൽകുന്നു
- ക്ലാസ്സുകളിൽ ഗണിത കിറ്റുകൾ സജ്ജീകരിക്കുന്നു.

**പ്രായോഗിക പ്രശ്നങ്ങൾ**

- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ശേഷി കൈവരിക്കുന്നതിന്
- നിത്യജീവിതവുമായി ബന്ധപ്പെട്ട സന്ദർഭങ്ങൾ ക്ലാസ്സിൽ സൃഷ്ടിക്കുന്നു.
- സ്കൂൾ സ്റ്റോർ സജ്ജീകരിക്കുന്നു
- സ്റ്റേഷനറി സ്റ്റോർ
- വെജിറ്റബിൾ ഷോപ്പ് മുതലായവ ഗണിതകേളികളിൽ ഏർപ്പെടുന്നു.

**ഗണിത ശില്പശാലകൾ**

- സ്കൂൾ തലത്തിൽ ഗണിത ശില്പ ശാലകൾ സംഘടിപ്പിക്കുന്നു.
- ബി.ആർ.സി, ഡയറ്റ് എന്നിവരുടെ സേവനം ഉറപ്പു വരുത്തുന്നു.
- ഗണിതത്തിൽ പ്രാഗത്ഭ്യം ഉള്ളവരുടെ സേവനം ഉറപ്പാക്കുന്നു.

**ഐ.സി.റ്റി സാധ്യത**

- ഗണിത പഠനത്തിൽ ഐ.സി.റ്റി സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു.

- ഐ.സി.റ്റി സാധ്യത ഉപയോഗിച്ച് കുട്ടികൾ വിവിധ ഗണിതകേളികളിൽ ഏർപ്പെടുന്നു.
- പാറ്റേണുകൾ നിർമ്മിക്കുന്നു
- ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നു വിലവിവര പട്ടിക തയ്യാറാക്കുന്നു

**ഗണിത ലാബ്**

- ഗണിതലാബ് സജ്ജീകരിക്കുന്നു
- ബി.ആർ.സി അംഗങ്ങളുടെ സഹായത്തോടെ അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ സേവനം ഉറപ്പു വരുത്തി പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിനാവശ്യമായ പഠനോപകരണങ്ങൾ നിർമിക്കുന്നു. (ക്ലാസ് തലം)

**പരിസ്ഥിതി ഗണിതം**

- പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി ഗണിത പഠനം രസകരമാക്കുന്നു.
- കൃഷിയുമായി ബന്ധപ്പെടുത്തി ചെയ്യാവുന്ന പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.
- വിവിധ തരത്തിലുള്ള പച്ചക്കറികൾ സ്കൂൾ പരിസരത്ത് നടുന്നു.
- കൃത്യമായ അളവിൽ ജൈവ കീടനാശിനി, വളം എന്നിവ ഉപയോഗിക്കുന്നു.
- അളവ് തൂക്ക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി വിളവെടുത്ത പച്ചക്കറികൾ തൂക്കിനോക്കുന്നു.

**ഗണിതാധ്യാപക ശാക്തീകരണം**

- എസ്.എസ്.എ നൽകുന്ന അധ്യാപക ശാക്തീകരണ പരിപാടികൾ പങ്കെടുത്ത് നൂതന ആശയങ്ങൾ രൂപീകരിക്കുന്നു
- എസ്.ആർ.ജിയിൽ ചർച്ച ചെയ്ത് പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു.

- സി.ആർ.സി തലത്തിൽ ഗണിത വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി പഠനനേട്ടവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകറ്റുകൾ രൂപീകരിക്കുന്നു
- ഗണിതാശയങ്ങൾ രസകരമായി കുട്ടിലെത്തിക്കാനുള്ള കളികൾ, പാട്ട്, പഠനോപകരണങ്ങൾ തുടങ്ങിയവ കണ്ടെത്തുന്നു

**ചാരിറ്റിക്ലബ് രൂപീകരണം**

- ഗണിതവുമായി ബന്ധപ്പെട്ട മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു.
- ഓരോ ക്ലാസ്സിലും ചാരിറ്റി ബോക്സ് വെയ്ക്കുന്നു.
- ജന്മദിനങ്ങളിലും, മറ്റ് വിശേഷ ദിവസങ്ങളിലും കുട്ടികൾ അതിൽ ചെറിയ തുകകൾ നിക്ഷേപിക്കുന്നു.
- ഫെബ്രുവരി അവസാനം ഓരോ ക്ലാസിലേയും തുക ശേഖരിക്കുന്നു.
- ക്ലാസിൽ / സ്കൂളിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടിയെ കണ്ടെത്തി തുക അവർക്ക് സമ്മാനിക്കുന്നു

**ഗണിതോത്സവം**

- ഗണിതവുമായി ബന്ധപ്പെട്ട് കുട്ടികളുടെ നിർമിതികൾ പ്രദർശിപ്പിക്കുന്നു
- ഗണിതകേളി
- പവർ പോയിന്റ് പ്രസന്റേഷൻ
- പി.റ്റി.എ യുടെ സാന്നിദ്ധ്യം

**ക്ലാസ്റും ഗണിതം**

ബോർഡ്,ക്ലാസിലെ ചുമർ,ജനൽ അബാക്കസ്,ബ ഞ്ച്,ഡസ്ക്,നിലം എന്നിവയിൽ ഗണിതാശയ ങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

**ഗണിതലാബ്**

സ്കൂളിന് പൊതുവായും ഓരോ ക്ലാസ് മുറി കളിലും ഒരുക്കണം പ്രയോജനപ്പെടുത്തണം.

**ഗണിതകിറ്റ്**

സ്കൂളിലെ ഓരോ കുട്ടിയ്ക്കും നിലവാരത്തിനനു സരിച്ച് ആകർഷകമായ ഓരോ ഗണിതകിറ്റ് ഉണ്ടായിരിയ്ക്കണം

**ഗണിതകളികൾ**

കുട്ടികൾ കളികൾ ഏറെ ഇഷ്ടപ്പെടുന്നു അതുകൊണ്ട് ഓരോ പഠനനേട്ടത്തിനും അനുസരിച്ച് കളികളുടെ ഒരു ശേഖരം തന്നെ ഓരോ ക്ലാസിലും ഉണ്ടായിരിയ്ക്കും

**ഗണിതം ബ്ലോക്ക് കട്ടകളിലൂടെ**

ഗണിതരൂപങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കുട്ടികൾ വളരെ ഇഷ്ടപ്പെടുന്നു ഏകാഗ്രത ലഭിക്കുന്നതിന് ഇത് വളരെ അത്യാവശ്യമാണ് ക്ലാസിൽ ഇരുന്നുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് ധാരാളം നിർമ്മാണ കിറ്റു കൾ ഉപയോഗിക്കാവുന്നതാണ്

**ഗണിത പാട്ടുകൾ**

ഗണിത പാട്ടുകളിലൂടെ സംഘം ചേർന്ന് പാട്ടുകൾ പാടാൻ കുട്ടികൾ താത്പര്യം പ്രകടിപ്പിക്കുന്നു ഗണിതപാട്ടുകളുടെശേഖരം ഓരോ ക്ലാസിലും വേണം

**ഗണിതം ICT**

കളിപ്പെട്ടിപോലുള്ള പ്രവർത്തനങ്ങൾ ഗണിതപഠനത്തിന് വളരെ പ്രയോജനപ്പെടുന്നു വിപുലീക രിച്ച ഒരു ശേഖരം ഓരോ ക്ലാസിലും നിലവാര ത്തിനനുസരിച്ച് ഒരുക്കണം

**വേദിക്ക് മാത്മാറ്റിക്ക്സ് – ക്ലാസുകൾ**

ഗണിതം രസകരമാക്കാനും ഗണിതത്തിൽ മികവുറ്റവരാക്കാനും വേദിക്ക് മാത്മാറ്റിക്ക്സ് ക്ലാസുകൾ പോലുള്ളവ ഉണ്ടായിരിയ്ക്കണം

**കുസൃതികണക്കുകൾ**

പ്രശ്നപരിഹരണത്തിന് ഏറ്റവും നല്ലതാണ് കുസൃതികണക്കുകൾ

**ഗണിതക്വിസ്സുകൾ**

ഒന്നാം ക്ലാസ് മുതൽ തന്നെ ഗണിതക്വിസ്സുകൾക്ക് പരിശീലനം നൽകണം

**മാന്ത്രികചതുരം**

കുട്ടികൾക്ക് ഏകാഗ്രത ലഭിക്കുന്നതിനും ചിന്തയെ ഉദ്ദീപിപ്പിക്കുന്നതിനും വിവിധതരത്തിലു ള്ള മാന്ത്രികചതുരങ്ങൾ സഹായകമാകും

**ഗണിത പസിലുകൾ**

ഗണിതം രസകരവും താതാപര്യമുള്ളതുമാക്കി തീർക്കാൻ ഗണിത പസിലു കൾക്ക് കഴിയും

**എണ്ണം ഉറപ്പിക്കൽ**

ആകർഷകമായ വിവിധതരം വസ്തുക്കൾ ആവശ്യമാണ്

**സംഖ്യാകാർഡ്**

വസ്തുക്കൾ എണ്ണി സംഖ്യാകാർഡുമായി ബന്ധപ്പെടുത്തി സംഖ്യാ ബോധം ഉറപ്പിക്കാം

**സംഖ്യാറിബൺ**

വലുത്, ചെറുത്, മുന്നിൽ, പിന്നിൽ, ഇടയിൽ എന്നിവ പെട്ടെന്ന് മനസ്സിലാ ക്കുന്നതിന് സംഖ്യാ റിബൺ ഉപയോഗിക്കാം

**സംഖ്യസ്ട്രിപ്പ്**

സംഖ്യാബോധം, സ്ഥാനവില ഉറപ്പിക്കാൻ ഉത്തമം

**അബാക്കസ്**

വിവിധ തരത്തിലുള്ള അബാക്കസ് ഗണിത പഠനം മെച്ചപ്പെടുത്താൻ

**നോട്ടുകൾ, നാണയങ്ങൾ**

നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അത്യാവശ്യം

**ക്ലോക്ക്, കലണ്ടർ**

ഗണിതപഠനത്തിന് ഒഴിച്ചുകൂടാനാവാത്തവ

**ഗണിതശാസ്ത്രജ്ഞർ**

ഗണിതശാസ്ത്രജ്ഞരുടെ സി.ഡി.വീഡിയോസ്

**ഗണിത പ്രോജക്ട്**

ചെറിയ ക്ലാസ് മുതൽ തന്നെ പരിശീലനം

## പ്രവർത്തന വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | മാജിക് മാസ്<br><br>അവസ്ഥാപഠനം<br>സംഖ്യാബോധം<br>ഗണിത കിറ്റുകൾ ഒരുക്കുന്നു<br>(ക്ലാസ് തലം) | 2018 ജൂൺ മുതൽ ആഗസ്റ്റ് വരെ | ഗണിതാധ്യാപകർ | 1000 |
| 2 3 4 | പ്രായോഗികപ്രശ്നങ്ങൾ<br><br>നിത്യ ജീവിതവുമായി ബന്ധപ്പെട്ട സന്ദർഭങ്ങൾ ക്ലാസ് തലത്തിൽ ഒരുക്കുന്നു. ഉദാ.സ്കൂൾസ്റ്റോർ സ്റ്റേഷനറി ഷോപ്പ് വെജിറ്റബിൾ ഷോപ്പ് | 2018 ആഗസ്റ്റ് 19 – മാർച്ച്<br>(പഠന നേട്ടങ്ങളുമായി ബന്ധപ്പെടുത്തി) | | |

| | | | | |
|---|---|---|---|---|
| | ഗണിത കേളികൾ, ഗണിത ശിൽപ ശാലകൾ<br><br>ബി.ആർ.സി<br>ഡയറ്റ് - സേവനം<br>ഗണിത വിദഗ്ദരുടെ സേവനം<br>ഗണിതലാബ്<br><br>ഐ.സി.റ്റി<br>ഐ.സി.റ്റി സാധ്യത ഉപയോഗിച്ച ഗണിത കേളികൾ<br>പാറ്റേണുകൾ നിർമ്മിക്കുക<br>ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു<br>വിലവിവരപട്ടിക തയ്യാറാക്കുന്നു<br>പരിസ്ഥിതി ഗണിതം<br>കൃഷിയുമായി ബന്ധപ്പെടുത്തി ഗണിത പഠനം രസകരമാക്കുന്നു<br>വിവിധതരത്തിലുള്ള പച്ചക്കറികൾ, സ്കൂൾ പരിസരത്ത് നടുന്നു<br>കൃത്യമായ അളവിൽ ജൈവ കീടനാശിനി, വളം എന്നിവ ഉപയോഗിക്കുന്നു<br>അളവ് തൂക്ക ഉപകരണങ്ങൾ ഉപയോഗിച്ച് വിളവ് തൂക്കി നോക്കുന്നു. | 2018 ജൂലൈ - 2019 മാർച്ച് (ഓരോ ടേമിലും ഓരോന്ന് വീതം) | ഗണിതക്ലബ് | |
| | ഗണിതാധ്യാപക ശാക്തീകരണം<br><br>എസ്.ആർ.ജിയിൽ പുതിയ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു.<br>ബി.ആർ.സി തലത്തിൽ ഗണിതാധ്യാപിക ശില്പശാല | 2018 ജൂൺ - 2019 മാർച്ച് | ചാരിറ്റിക്ലബ്, ക്ലാസധ്യാപകർ | 500 |

| | | | | |
|---|---|---|---|---|
| | ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി പഠനനേട്ടവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകറ്റുകൾ രൂപീകരിക്കുന്നു<br>ഗണിതാശയങ്ങൾ രസകരമായി കുട്ടിലെത്തിക്കാനുള്ള കളികൾ, പാട്ട്, പഠനോപകരണങ്ങൾ തുടങ്ങിയവ കത്തെുന്നു<br>ചാരിറ്റിക്ലബ് രൂപീകരണം ഓരോ ക്ലാസ്സിലും ചാരിറ്റി ബോക്സ് വെയ്ക്കുന്നു. കുട്ടികൾ അവർക്ക് കിട്ടുന്ന തുക ഈ ബോക്സിൽ നിക്ഷേപിക്കുന്നു ഫെബ്രുവരി അവസാനം ഓരോ ക്ലാസിലേയും തുക ശേഖരിക്കുന്നു പ്രയാസം അനുഭവിക്കുന്ന കുട്ടിയെ കത്തെി തുക അവർക്ക് സമ്മാനിക്കുന്നു | | | |
| | ഗണിതോത്സവം<br>അധ്യയന വർഷത്തിന്റെ അവസാനം സംഘടിപ്പിക്കുന്നു<br>കുട്ടികളുടെ നിർമിതികൾ പതിപ്പുകൾ,പഠനോപകരണങ്ങൾ പ്രദർശിപ്പിക്കുന്നു<br>സ്കൂൾ തലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ പവർ പോയിന്റ് പ്രസന്റേഷൻ | 2019 മാർച്ച് | ഗണിതക്ലബ് | 3000 |
| | ഹ്രസ്വകാല പദ്ധതികൾ<br><br>മാജിക് മാത്സ്<br><br>പ്രായോഗിക പ്രശ്ന കേളികൾ<br>ഐ.സി.റ്റി സാധ്യത<br>ഗണിതാധ്യാപക ശാക്തീകരണം<br>ഗണിതോത്സവം | മധ്യകാല പദ്ധതികൾ<br>ഗണിത ശില്പ ശാലകൾ<br>പരിസ്ഥിതി ഗണിതം<br>ചാരിറ്റി ക്ലബ് | ദീർഘകാല പദ്ധതികൾ<br>സ്കൂൾ ബാങ്കിംഗ് | |

## വിഷയം ഇംഗ്ലീഷ്

ലോകഭാഷയായ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം ഉയർത്താതെ പൊതുവിദ്യാലയങ്ങൾക്ക് മുന്നോട്ട് പോകാൻ കഴിയില്ല എന്ന സത്യം തിരിച്ചറിഞ്ഞ് ഇംഗ്ലീഷ് ഭാഷ ശേഷി വികസനത്തിനായി വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഞങ്ങൾ തീരുമാനിച്ചു. രക്ഷിതാക്കളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് എല്ലാ ക്ലാസുകളിലേയും ഒരു ഡിവിഷൻ വീതം ഇംഗ്ലീഷ് മീഡിയം പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് വികസനത്തിനുവേണ്ടി ഞങ്ങൾ നിർണയിച്ച ലക്ഷ്യങ്ങളും അവ പൂർത്തീകരിക്കാൻ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും താഴെ കൊടുക്കുന്നു

**ലക്ഷ്യങ്ങൾ**

- കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റി താല്പര്യം ജനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു
- ഇംഗ്ലീഷ്ഭാഷ പ്രയാസം കൂടാതെ കുട്ടികൾക്ക് കൈകാര്യം ചെയ്യാൻ കഴിയുന്നു.
- ഒഴുക്കോടും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കുവാനും ഉള്ള കഴിവ് വളർത്തുന്നു.
- ഇംഗ്ലീഷ് ഭാഷയിൽ മികച്ച രീതിയിൽ ഉള്ള വായനാശീലം.
- എഴുത്തിലുള്ള പ്രാവീണ്യം വർധിപ്പിക്കുന്നു.
- പാഠപുസ്തകത്തിനപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുന്നു.
- പൊതുവിദ്യാലയത്തിലെ കുട്ടികൾ പരസ്യമായി പൊതുസമൂഹത്തോട് സംവദിക്കുന്നു.
- ഇംഗ്ലീഷ് പഠിക്കാൻ അൺഎയ്ഡഡ് വിദ്യാലയങ്ങളെ ആശ്രയിക്കുന്നവരെ പൊതുവിദ്യാലയത്തിലേക്കാകർഷിക്കുന്നു.

പ്രവർത്തനങ്ങൾ

- **അവസ്ഥപഠനം**

  ഓരോ ക്ലാസിലെയും പഠനനേട്ടങ്ങളുമായി ബന്ധപ്പെട്ട് പ്രീ ടെസ്റ്റ് നടത്തുന്നു. പോരായ്മകൾ കണ്ടെത്തുന്നു. ഹലോ ഇംഗ്ലീഷിന്റെ ചുവടുപിടിച്ച് പരിഹാരബോധനം നൽകുന്നു.

- **വർക്ക് ഷീറ്റ് രൂപീകരണം**

  ഓരോ ക്ലാസിലെയും ഇംഗ്ലീഷ് പാഠപുസ്തകത്തിനോട് യോജിച്ചു പോകുന്നവർക്ക് സീറ്റുകൾ കണ്ടെത്തി എസ്ആർജി ക്രോഡീകരിക്കുന്നു. സ്വന്തമായി ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. ശില്പശാലകൾ സംഘടിപ്പിക്കുന്നു. ഇതിനായി ബി ആർ സി യുടെ പിന്തുണ സംവിധാനങ്ങൾ ഉറപ്പാക്കുന്നു.

- **ഇംഗ്ലീഷ് ലാംഗ്വേജ് ലാബിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നു**

  ആശയവിനിമയ സാധ്യതകൾ പരിചയപ്പെടുത്തുന്നു. ഉച്ചാരണം മെച്ചപ്പെടുത്തുന്നു. സ്പോക്കൺ ഇംഗ്ലീഷ് സംഘടിപ്പിക്കുന്നു. ഐസിടി സാധ്യത പ്രയോജനപ്പെടുത്തി പഠനനേട്ടം ഉറപ്പുവരുത്തുന്നു.

- **ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു**

  ഇംഗ്ലീഷ് സാഹിത്യകാരന്മാരുടെ ജന്മദിനവുമായി ബന്ധപ്പെട്ട് അവരുടെ കൃതികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തി പഠന നേട്ടം ഉറപ്പുവരുത്തുന്നു.

- **ഇംഗ്ലീഷ് ഡേ**

  എല്ലാ ആഴ്ചയിലും വെള്ളിയാഴ്ച ഇംഗ്ലീഷ് ദിനമായി ആചരിക്കുന്നു. അന്നേദിവസം കുട്ടികളും അധ്യാപകരും പരമാവധി ഇംഗ്ലീഷ് ഭാഷയിൽ തന്നെ ആശയവിനിമയം നടത്തുന്നു. ഇംഗ്ലീഷുമായി ബന്ധപ്പെട്ട 2024 മാർച്ച് ആകുമ്പോഴേക്കും ക്ലാസ് തലത്തിൽ പ്രതീക്ഷിക്കുന്ന മികവുകൾ.

**സ്റ്റാൻഡേർഡ് 1**

വായന കാർഡുകൾ വായിക്കുന്നു ചെറിയ കഥകൾ വായിക്കുന്നു. തന്നെ കുറിച്ചും മറ്റു ചെറിയ വിഷയവുമായി ബന്ധപ്പെട്ട് കുട്ടിയെ സ്വന്തമായി സംസാരിക്കാൻ പ്രാപ്തരാക്കുന്നു. ചിത്രത്തെ ആസ്പദമാക്കി ഒന്നോ രണ്ടോ വാചകങ്ങളിൽ സംസാരിക്കാൻ പ്രാപ്തമാക്കുന്നു.

**സ്റ്റാൻഡേർഡ് 2**

കുട്ടിക്കവിതകൾ പൂർത്തിയാക്കുന്നു ഏതെങ്കിലും പ്രത്യേക വിഷയത്തെക്കുറിച്ച് പറയുന്നു എഴുതുന്നു. ചെറിയ വിവരണങ്ങൾ കുറിപ്പുകൾ എഴുതാൻ പഠിക്കുന്നു. ഇംഗ്ലീഷ് സ്വന്തമായി കടംകഥ ഉണ്ടാക്കാൻ പ്രാപ്തരാക്കുന്നു.

**സ്റ്റാൻഡേർഡ് 3**

സ്വന്തമായി വായിക്കുന്നു കവിതകളും കഥകളും പൂർത്തീകരിക്കുന്നു. ഇംഗ്ലീഷിൽ ചെറിയ പ്രഭാഷണം നടത്തുന്നു ചെറിയ സ്കിറ്റുകൾ ചെയ്യുന്നു.

**സ്റ്റാൻഡേർഡ് 4**

സ്വന്തമായി വായിക്കുന്നു എഴുതുന്നു. സ്വതന്ത്രമായി ലഘു പ്രഭാഷണങ്ങൾ എഴുതുന്നു പറയുന്നു. ഇംഗ്ലീഷ് പത്രവാർത്ത തയ്യാറാക്കി അവതരിപ്പിക്കുന്നു. ഒരു വിഷയം നൽകിയാൽ അതിനെക്കുറിച്ച് സംസാരിക്കുവാൻ പ്രാപ്തമാക്കുന്നു.

**ഇംഗ്ലീഷ് ഫെസ്റ്റ്**

അധ്യായനവർഷാവസാനം സാമൂഹ്യ പങ്കാളിത്തത്തോടെ ഇംഗ്ലീഷ് ഫസ്റ്റ് നടത്തുന്നു പഞ്ചായത്തിന്റെ സഹായം മുറപ്പുവരുത്തുന്നു ഇംഗ്ലീഷ് മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾക്കും വിദ്യാലയങ്ങൾക്കും പുരസ്കാരം നൽകുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1, 2 | അവസ്ഥ പഠനം പോരായ്മ കണ്ടെത്തുന്നു പരിഹാര ബോധ വർക്ക് ഷീറ്റ് രൂപീകരണം | ജൂൺ മുതൽ ജൂലൈ വരെ | ഇംഗ്ലീഷ് ക്ലബ്ബ് അധ്യാപകർ | 2000 |
| 3 | ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് ആശയ വിനിമയ സാധ്യത കണ്ടെത്തുന്നു ഉച്ചാരണം മെച്ചപ്പെടുത്തുന്നു | മാർച്ച് | അധ്യാപകർ ഐ ടി കോർഡിനേറ്റർ | 3000 |
| 4 | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. ഇംഗ്ലീഷ് സാഹിത്യകാരന്മാരുടെ ജന്മദിനവുമായി ബന്ധപ്പെട്ട് അവരുടെ കൃതികൾ പരിചയപ്പെടുത്തുന്നു ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | 500 |
| 5 | ഇംഗ്ലീഷ് ഡേ | ആഴ്ചയിൽ ഒരു ദിവസം | എല്ലാ അധ്യാപകരും | 500 |
| 6 | എല്ലാ വെള്ളിയാഴ്ചയും അന്നേദിവസം അധ്യാപകരും കുട്ടികളും ആശയ വിനിമയത്തിന് ഇംഗ്ലീഷ് മാത്രം ഉപയോഗിക്കുന്നു. ഇംഗ്ലീഷ് അസംബ്ലി എല്ലാ ബുധനാഴ്ചയും | എല്ലാ ബുധനാഴ്ചയും | എല്ലാ അധ്യാപകരും | 500 |
| 7 | വായന, ക്ലാസ് തല പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു. വായനാ കാർഡുകൾ നിർമ്മിക്കുന്നു. ക്ലാസ്. ലൈബ്രറി ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | 500 |
| 8 | എഴുത്ത് എസ്ആർജിയിൽ ചർച്ച ദിനാചരണ വുമായി ബന്ധപ്പെട്ട പോസ്റ്റർ ചുമർ പത്രിക തയ്യാറാക്കൽ, ലേഖന സാധ്യതയുള്ള വർക്ക് ഷീറ്റ് നിർമ്മാണം, ചിത്രത്തിന് അടിക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | 500 |
| 9 | ഇംഗ്ലീഷ് ഫസ്റ്റ് അധ്യായന വർഷാവസാനം പഞ്ചായത്ത് സഹകരണം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | എച്ച് എം പിടിഎ സിഎസ്ടി പഞ്ചായത്ത് | |